(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ 'ആശ്വാസ കിരണം' പദ്ധതി 2010 മേയ് മാസം മുതലാണ് ആരംഭിച്ചത്. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള അവസ്ഥയിൽ കിടപ്പിലായ രോഗികളെയും, തീവ്രമായ മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ഗുരുതര രോഗങ്ങളുള്ളവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുക എന്നതാണ് 'ആശ്വാസ കിരണം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) പദ്ധതിയുടെ കീഴിലുള്ള ഗുണഭോക്താക്കൾക്ക് നിലവിൽ പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20,000-ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി. യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്ന മുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്.

(സി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ ഗുണഭോക്താക്കൾക്ക് സാമൂഹ്യനീതി ദിനാഘോഷത്തോടനുബന്ധിച്ച് 2015 ഡിസംബർ മാസം വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ 2015 ജൂലൈ മാസത്തിനുശേഷമുള്ള ധനസഹായം വിതരണം ചെയ്യുവാനുണ്ട്. കുടിശ്ശിക ധനസഹായം 2016 മാർച്ച് മാസത്തിൽ വിതരണം ചെയ്യുന്നതിനുള്ള ത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപ്പ് വർഷം മുതൽ ഇ-സുരക്ഷാ എന്ന പേരിൽ ഒരു എന്റർപ്രൈസ് റിസോഴ്സ് പ്ലാൻ (ഇ.ആർ.പി.) എന്ന സോഫ്റ്റ്വെയർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിച്ച് ധനസഹായ വിതരണ നടപടികൾ സുഗമമാക്കുന്നതിന് സാധിക്കുന്നതാണ്. ആശ്വാസകിരണം പദ്ധതി അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കൾക്ക് പ്രതിമാസം 525 രൂപ നിരക്കിലാണ് ധനസഹായം അനുവദിച്ചുവരുന്നത്. ധനസഹായം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

മാലിന്യങ്ങളിൽനിന്നും ഗ്യാസ് പ്ലാന്റുകൾ

9(*129) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യങ്ങളിൽ നിന്നും കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് ഉല്പാദിപ്പിക്കാൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ-സി) ചില കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആരും മുന്നോട്ടു വരാത്ത സാഹചര്യത്തിൽ അവ ഉപേക്ഷിക്കുകയുണ്ടായി.

പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ

10(*130) ശ്രീ. രാജു എബ്രഹാം :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലുമുള്ള ആസൂത്രണ സമിതികളുടെ പങ്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനങ്ങളിലെ എറ്റക്കുറച്ചിലുകൾ വിലയിരുത്താമോ;

(സി) ജില്ലാ പദ്ധതികളുടെ അംഗീകാരം ജില്ലാ കളക്ടർമാരിലും ഉദ്യോഗസ്ഥരിലും കേന്ദ്രീകരിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ; എങ്കിൽ ആയത് ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിലുമുള്ള ആസൂത്രണ സമിതികളുടെ പങ്ക് ചുവടെ വിവരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly